**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല**

**നാലുവർഷബിരുദപ്രോഗ്രാം (TEMU- FYUGP)**

## ബി. എസ് സി. പരിസ്ഥിതിപഠനവും വികസനസാമ്പത്തികശാസ്ത്രവും

**പൊതുഫലപ്രാപ്തി (PO):**

| | |
|---|---|
| PO 1 | മാതൃഭാഷയിലുള്ള വിജ്ഞാനനിർമ്മിതി |
| PO 2 | ഗവേഷണാത്മകത രൂപപ്പെടുത്തുക |
| PO 3 | വിശകലനാത്മകാവബോധം വളർത്തുക |
| PO 4 | വിമർശനാത്മകചിന്ത പരിപോഷിപ്പിക്കുക |
| PO 5 | ഭരണഘടനോന്മുഖ മനോഭാവം പ്രബലപ്പെടുത്തുക |
| PO 6 | ഫലപ്രദമായ ഭാഷാസിദ്ധിയും ഭാഷാപ്രയോഗശേഷിയും രൂപപ്പെടുത്തുക |
| PO 7 | ആജീവനാന്തപഠനഗവേഷണാഭിരുചി വളർത്തുക |

**പാഠ്യകേന്ദ്രിത ഫലപ്രാപ്തി (PSO):**

| | |
|---|---|
| PSO 1 | പരിസ്ഥിതിയും വികസനവും തമ്മിലുള്ള പാരസ്പര്യം മനസ്സിലാക്കി പരിസ്ഥിതിപഠനത്തിലും വികസനസാമ്പത്തികശാസ്ത്രത്തിലും ആഴത്തിലുള്ള അറിവാർജ്ജിക്കൽ. |
| PSO 2 | പാരിസ്ഥിതിക-സാമ്പത്തികശാസ്ത്രവ്യവഹാരങ്ങൾ നടത്തുന്നതിന് മാതൃഭാഷയെ പര്യാപ്തമാക്കൽ. |
| PSO 3 | അന്തർവൈജ്ഞാനികസമീപനവും വിശകലനരീതികളും സ്വായത്തമാക്കൽ. |
| PSO 4 | പരിസ്ഥിതി-സാമ്പത്തികശാസ്ത്രപ്രശ്നങ്ങളെ പ്രാദേശികമായും ആഗോളതലത്തിലും പരിശോധിക്കാനുള്ള കഴിവാർജ്ജിക്കൽ. |

| | |
|---|---|
| PSO 5 | വികസനപ്രശ്നങ്ങളെയും പാരിസ്ഥിതികപ്രശ്നങ്ങളെയും സൈദ്ധാന്തിക പിൻബലത്തോടെ വിശകലനം ചെയ്ത് ശാസ്ത്രീയപരിഹാരമാർഗങ്ങൾ കണ്ടെത്താനുള്ള കഴിവാർജ്ജിക്കൽ |
| PSO 6 | പരിസ്ഥിതി-വികസന നയരൂപീകരണപ്രക്രിയയിൽ പങ്കെടുക്കാനും, നയങ്ങളെ വിമർശനാത്മകമായി വിലയിരുത്താനുമുള്ള ശേഷി ആർജ്ജിക്കൽ. |
| PSO 7 | സൈദ്ധാന്തികവും പ്രായോഗികവുമായ അറിവും, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനഗവേഷണപ്രക്രിയയിലുള്ള പരിശീലനവും സമന്വയിപ്പിച്ച് പരിസ്ഥിതി-സാമ്പത്തികശാസ്ത്രരംഗത്തെ തൊഴിൽ- സേവന മേഖലകളിൽ ഭാഗമാകാനുള്ള പ്രാപ്തി നേടൽ. |
| PSO 8 | ഗുണാത്മക-ഗണാത്മക ഗവേഷണസങ്കേതങ്ങൾ പ്രയോജനപ്പെടുത്തി പരിസ്ഥിതിപഠനത്തിലും വികസനസാമ്പത്തികശാസ്ത്രത്തിലും ഉന്നതനിലവാരമുള്ള ഗവേഷണം നടത്തുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ. |
| PSO 9 | പരിസ്ഥിതി-സാമ്പത്തികശാസ്ത്രമേഖലകളിലെ ജ്ഞാനോൽപ്പാദനത്തെ പരിപോഷിപ്പിക്കൽ. |

<table>
<tr><td>പ്രോഗ്രാം</td><td colspan="5">ബി. എസ് സി. പരിസ്ഥിതിപഠനവും വികസനസാമ്പത്തികശാസ്ത്രവും</td></tr>
<tr><td>കോഴ്സ് കോഡ്</td><td colspan="5">-----------------</td></tr>
<tr><td>കോഴ്സിന്റെ പേര്</td><td colspan="5">മനുഷ്യ-വന്യജീവി സംഘർഷവും പരിപാലനവും</td></tr>
<tr><td>കോഴ്സിന്റെ തരം</td><td colspan="5">VAC</td></tr>
<tr><td>സെമസ്റ്റർ</td><td colspan="5">രണ്ട്</td></tr>
<tr><td>അക്കാദമിക തലം</td><td colspan="5">100</td></tr>
<tr><td>കോഴ്സ് വിവരങ്ങൾ</td><td>ക്രെഡിറ്റ്</td><td>പ്രതിവാര ലക്ചർ (മണിക്കൂറിൽ)</td><td>പ്രതിവാര ട്യൂട്ടോറിയൽ</td><td>പ്രായോഗികം (പ്രതിവാരം)</td><td>ആകെ മണിക്കൂറുകൾ</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | | (മണിക്കൂറ ിൽ) | | |
| | 3 | 3 | - | - | 45 |
| കോഴ്സ് പൊതുഅവല ോകനം / ആമുഖം | വർധിച്ചു വരുന്ന മനുഷ്യ-വന്യജീവി സംഘർഷ മേഖല വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്നതിനാണ് ഈ കോഴ്സ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പ്രകൃതിക്ക് മേലുള്ള മനുഷ്യന്റെ മേധാവിത്വം മൂലമുണ്ടാകുന്ന സങ്കീർണ്ണ പ്രശനങ്ങൾ കൈകാര്യം ചെയുവാനും മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനും മൾട്ടി-ഡിസിപ്ലിനറി സമീപനങ്ങൾ ആവശ്യമാണ്. ഇത്തരത്തിൽ ,മനുഷ്യനും വന്യജീവികൾക്കും ഇടയിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹികവും പാരിസ്ഥിതികവുമായ നേട്ടങ്ങൾ പരമാവധിയാക്കുന്നതിനും , സഹകരണത്തോടെയുള്ള നൂതന സമീപനങ്ങൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ആവാസവ്യവസ്ഥയുടെ ചുരുങ്ങലിന്റെ ഫലമായി ഉടലെടുത്തതും മനുഷ്യർ പങ്കിടുന്നതുമായ വനപ്രദേശങ്ങളിൽ ഉയർന്നു വരുന്ന വന്യജീവി സംഘർഷങ്ങളെകുറിച്ചുള്ള അന്വേഷണം അത്യന്താപേക്ഷിതമാണ് . മനുഷ്യരുടെ ധാർമ്മിക ബാധ്യതകൾ, സംരക്ഷണത്തിൻ്റെ ആവശ്യകത, സംഘർഷങ്ങളുടെ സാമൂഹിക പ്രത്യാഘാതങ്ങൾ എന്നിവയെ കുറിച്ച് ഇത് ചോദ്യങ്ങൾ ഉയർത്തുന്നു. ശാസ്ത്രീയവും സാമൂഹികവുമായ വിഷയങ്ങൾ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുകയും , സംരക്ഷണത്തിന്റെയും സമകാലിക വന്യജീവി പരിപാലന ശ്രമങ്ങളുടെയും ആവശ്യകത വർധിപ്പിക്കുകയുമാണ് പ്രബന്ധം ലക്ഷ്യമിടുന്നത്. | | | | |

| ക്രമ നം. | ലക്ഷ്യങ്ങൾ |
|---|---|
| 1 | മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങൾ നിർണ്ണയിക്കുന്ന ഘടകങ്ങൾ വിശകലനം ചെയ്യുക |

| | |
|---|---|
| **2** | വന്യജീവികളും, മനുഷ്യസമൂഹങ്ങളും, ആവാസവ്യവസ്ഥയും തമ്മിലുള്ള സങ്കീർണ്ണതയിലേക്കുള്ള ഉൾക്കാഴ്ചകൾ നേടുക |
| **3** | ആവാസവ്യവസ്ഥാ ശോഷണത്തിന്റ കരണങ്ങളെക്കുറിച്ചും, വന്യജീവികളിൽ തന്മൂലം ഉടലെടുക്കുന്ന പ്രത്യാഘാതങ്ങളെ ക്കുറിച്ചും ആഴത്തിൽ ധാരണ ഉണ്ടാക്കുക. |
| **4** | മനുഷ്യർ-സംസ്കാരം-സമ്പദ്വ്യവസ്ഥ-വന്യജീവികൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ധാരണ ഉണ്ടാക്കുക |
| **5** | വന്യജീവി സംരക്ഷണത്തിൻ്റെ ശാസ്ത്രീയവും സാമൂഹികവുമായ വീക്ഷണം വികസിപ്പിക്കുക |

**കോഴ്സ് ഫലങ്ങൾ (CO):**

| **നം.** | **കോഴ്സ് ഫലം** | **ധൈഷണിക തലം** | **വിവര തലം** | **മൂല്യനിർണ്ണയ രീതികൾ** |
|---|---|---|---|---|
| CO 1 | മനുഷ്യ-വന്യജീവി സംഘർഷത്തെ അതിൻ്റെ ചരിത്രപരവും ഇന്നത്തെ നിലനിർവചിച്ചും പരിശോധിച്ചും വ്യക്തമായ കാഴ്ചപ്പാട് വിവരിക്കുക | Un | Fa | ഓൺലൈൻ ക്വിസ്/ ഹ്രസ്വ ഉത്തര പരീക്ഷ/ അസൈൻമെൻ്റ്/സെമിനാർ/സംവാദം/ഫീൽഡ് സന്ദർശനം/ റിപ്പോർട്ട് |
| CO 2 | മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് പരിഹാരം നൽകുന്നതിനുള്ള വിജയകരവും | Un | Co | ഓൺലൈൻ ക്വിസ്/ ഹ്രസ്വ ഉത്തര പരീക്ഷ/ അസൈൻമെൻ്റ്/സെമിനാർ/സംവാദം/ഫീൽഡ് സന്ദർശനം/ റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | പരാജയപ്പെട്ടതുമായ ശ്രമങ്ങളുമായി ബന്ധപ്പെട്ട അടിസ്ഥാന ഘടകങ്ങൾ മനസിലാക്കുക. | | | |
| CO 3 | പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിലും സ്വീകാര്യവും പ്രായോഗികവുമായ പരിഹാരങ്ങൾ നൽകുന്നതിലും സാംസ്കാരിക ഘടകങ്ങളുടെ പ്രസക്തി വേർതിരിച്ചു മനസിലാക്കുക. | Ap | Pr | ഓൺലൈൻ ക്വിസ്/ ഹ്രസ്വ ഉത്തര പരീക്ഷ/ അസൈൻമെൻ്റ്/സെമിനാർ/സംവാദം/ഫീൽഡ് സന്ദർശനം/ റിപ്പോർട്ട് |
| CO 4 | മനുഷ്യ വന്യജീവി സംഘർഷങ്ങൾ പരിഹരിക്കുന്നതിൽ വലിയ സ്വാധീനം ചെലുത്തിയേക്കാവുന്ന ഘടകങ്ങളെ തിരിച്ചറിയുന്നതിനുള്ള സോദാഹരണ പഠനങ്ങൾ വിവരിക്കുക | Ap | Pr | ഓൺലൈൻ ക്വിസ്/ ഹ്രസ്വ ഉത്തര പരീക്ഷ/ അസൈൻമെൻ്റ്/സെമിനാർ/സംവാദം/ഫീൽഡ് സന്ദർശനം/ റിപ്പോർട്ട് |
| ധൈഷണികതലം (Cognitive Level) - ഓർമ്മിക്കുക (Re), മനസ്സിലാക്കുക (Un), പ്രയോഗിക്കുക (Ap), അപഗ്രഥിക്കുക (An), വിലയിരുത്തുക (Ev), നിർമ്മിക്കുക (Cr) | | | | |

| |
|---|
| വിവരതലം (Knowledge Category)– വസ്തുതാപരം (Fa) സങ്കൽപ്പനപരം (Co) പ്രക്രിയാപരം (Pr) ദാർശനികം (Me) |

**വിശദമായ പാഠ്യപദ്ധതി**

| **മൊഡ്യൂൾ 1:**<br>വന്യജീവി പരിപാലനം എന്ന ആശയത്തിൻ്റെ പരിണാമം | **ആകെ മണിക്കൂർ**<br>**10** |
|---|---|
| വന്യജീവി പരിപാലനം എന്ന ആശയത്തിൻ്റെ പരിണാമം: വേട്ടക്കാരനിൽ നിന്ന് സംരക്ഷകനിലേക്കുള്ള മനുഷ്യരാശിയുടെ പരിണാമം; വന്യജീവികളും മനുഷ്യരും തമ്മിലുള്ള ചരിത്രാതീത ബന്ധം (ഭീംബെട്കവാൾ പെയിൻ്റിംഗുകൾ, അശോക രാജാവിൻ്റെ ഭരണകാലത്തെ വന്യജീവി സംരക്ഷണം, ബിഷ്ണോയി സമൂഹം).<br>വന്യജീവി സംരക്ഷണം നൽകുന്ന മൂല്യങ്ങൾ: (പണവും വിനോദവും ശാസ്ത്രീയവും പാരിസ്ഥിതികവുമായ നേട്ടങ്ങൾ),Deep and Shallow ഇക്കോളജി ആശയങ്ങൾ. | |
| ***തുടർമൂല്യനിർണ്ണയരീതികൾ*** : ഓൺലൈൻ ക്വിസ്/ ഹ്രസ്വ ഉത്തര പരീക്ഷ (5 മാർക്ക് ) | |
| **മൊഡ്യൂൾ 2:**<br>മനുഷ്യ വന്യജീവി സഹവർത്തിത്വം | **ആകെ മണിക്കൂർ**<br>**10** |
| മനുഷ്യ വന്യജീവി സഹവർത്തിത്വം- ആദിവാസികളും വനവും തമ്മിലുള്ള സഹജീവി ബന്ധം.<br>ഗോത്രങ്ങളുടെ സമഗ്രമായ വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക: വന പരിപാലനത്തിൽ കമ്മ്യൂണിറ്റി പങ്കാളിത്തം, വന്യജീവി, വനപരിപാലനം എന്നിവയിലെ പരമ്പരാഗത അറിവ്, തദ്ദേശീയ സംസ്കാരങ്ങളുടെയും പാരമ്പര്യങ്ങളുടെയും സംരക്ഷണം.<br>മാൻ ആൻഡ് ബയോസ്ഫിയർ പ്രോഗ്രാം ; കൺസേർവേഷൻ & കമ്മ്യൂണിറ്റി റിസർവ് എന്നിവയുടെ ആശയം, സംഘർഷങ്ങളും സംരക്ഷണവും കുറയ്ക്കുന്നതിന് വന്യജീവി ഇടനാഴികളുടെ പ്രാധാന്യം.<br>മൂല്യനിർണ്ണയ രീതികൾ:<br>അസൈൻമെൻ്റ്/സെമിനാർ/ക്വിസ്/സംവാദം/ഫീൽഡ് സന്ദർശനം, റിപ്പോർട്ട് സമർപ്പിക്കൽ | |

<table>
<tr><td colspan="2">തുടർമൂല്യനിർണ്ണയരീതികൾ : ഓൺലൈൻ ക്വിസ്/ ഹ്രസ്വ ഉത്തര പരീക്ഷ, ഫീല്ഡ് സന്ദർശനവും റിപ്പോർട്ടും (10 മാർക്ക് )</td></tr>
<tr><td>മൊഡ്യൂൾ 3:<br>മനുഷ്യ-വന്യജീവി സംഘട്ടനങ്ങളുടെ സാമൂഹിക-സാമ്പത്തികശാസ്ത്രം</td><td>ആകെ മണിക്കൂർ<br>15</td></tr>
<tr><td colspan="2">മനുഷ്യരിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ : മരണങ്ങൾ പരിക്കുകൾ , കന്നുകാലികൾ വിളകൾ വസ്തുവകകൾ എന്നിവക്കുണ്ടാകുന്ന നാശം, ഉപജീവന അവസരങ്ങളുടെ നഷ്ടം.<br><br>മനുഷ്യ-വന്യജീവി സംഘട്ടനങ്ങളുടെ സാമൂഹിക-സാമ്പത്തികശാസ്ത്രം: നാശനഷ്ടങ്ങളുടെ സാമ്പത്തിക വിലയിരുത്തൽ<br><br>മനുഷ്യ-വന്യജീവി സംഘട്ടനങ്ങളോടുള്ള സാമൂഹിക മനോഭാവം: നഗരവൽക്കരണം, ഉപജീവനമാർഗം.<br><br>മൃഗങ്ങളുടെ അളവുകളിലൂടെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിയന്ത്രിക്കുക: ലീതൽ കണ്ട്രോൾ , ഫെർട്ടിലിറ്റി നിയന്ത്രണം, പ്രശ്നമുള്ള മൃഗങ്ങളുടെ ഷിഫ്റ്റിംഗ്, ഫിയർ സ്റ്റിമുലേഷൻ , കെമിക്കൽ റിപ്പല്ലൻ്റുകൾ, വഴിതിരിച്ചുവിടൽ തന്ത്രങ്ങൾ (diversion tactic), ഒഴിവാക്കൽ (exclusion), ആവാസവ്യവസ്ഥ പരിപാലനം.<br><br>മനുഷ്യ-വന്യജീവി സംഘട്ടനങ്ങൾ മാനുഷിക മാനങ്ങളിലൂടെ നിയന്ത്രിക്കുക: മനുഷ്യൻ്റെ പെരുമാറ്റവും ജീവിതശൈലിയുടെയും മാറ്റം , വിദ്യാഭ്യാസത്തിലൂടെയും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും സഹിഷ്ണുത വർദ്ധിപ്പിക്കുക, വന്യജീവി നാശത്തിന് സമയബന്ധിതമായ പണ നഷ്ടപരിഹാരം, അവസരച്ചെലവുകൾ വീണ്ടെടുക്കൽ (കേസ് സ്റ്റഡീസ്).</td></tr>
<tr><td colspan="2">തുടർമൂല്യനിർണ്ണയരീതികൾ : അസൈൻമെന്റ്/ വാദപ്രതിവാദം/ ഹ്രസ്വ പ്രോജക്റ്റ്/ ഫീല്ഡ് സന്ദർശനവും റിപ്പോർട്ടും (10 മാർക്ക്)</td></tr>
<tr><td>മൊഡ്യൂൾ 4:<br>വന്യജീവി സംരക്ഷണവും നിയമങ്ങളും</td><td>ആകെ മണിക്കൂർ<br>10</td></tr>
<tr><td colspan="2">വന്യജീവി സംരക്ഷണവും നിയമങ്ങളും സംരക്ഷിത പ്രദേശങ്ങളുടെ തരങ്ങൾ (വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, ബയോസ്ഫിയർ റിസർവുകൾ); IUCN സംരക്ഷിത പ്രദേശങ്ങളുടെ വിഭാഗങ്ങൾ, പ്രകൃതി ലോക പൈതൃക സൈറ്റുകൾ; ഒരു സംരക്ഷിത ശ്രേണിയിൽ കോർ, ബഫർ ഏരിയ എന്ന ആശയം, വന്യജീവി സംരക്ഷണ നിയമം 1972, ഫോറസ്റ്റ് ആക്റ്റ് 1927, പരിസ്ഥിതി സംരക്ഷണ നിയമം 1986, ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് 1920; ടൈഗർ ടാസ്ക് ഫോഴ്സിൻ്റെ ആമുഖം, ഇന്ത്യയിലെ നിലവിലെ സംരക്ഷിത പ്രദേശങ്ങളുടെ സ്ഥിതി</td></tr>
</table>

| |
|---|
| ***തുടർമൂല്യനിർണ്ണയരീതികൾ*** : അസൈൻമെന്റ്/ സെമിനാർ/ പ്രായോഗിക പരീക്ഷ (5 മാർക്ക്) |

റഫറൻസ്


**1. Angelici, F.M. and Rossi, L., 2020. Problematic Wildlife II. Springer International Publishing.**

**2. Conover, M. 2001. Resolving Human Wildlife Conflicts, CRC Press. .**

**3. Conover, M.R. and Conover, D.O., 2022. Human-Wildlife Interactions: From Conflict to Coexistence. CRC Press.**

**4. Dickman, A. J. 2010. Complexities of conflict: the importance of considering social factors for effectively resolving human–wildlife conflict. Animal Conservation 13: 458-466.**

**5. Dickman, A. J. 2010. Complexities of conflict: the importance of considering social factors for effectively resolving human–wildlife conflict. Animal Conservation 13: 458- 466.**

**6. Hill, C.M., Webber, A.D. and Priston, N.E. eds., 2017. Understanding conflicts about wildlife: A Biosocial Approach (Vol. 9). Berghahn Books.**

**7. Messmer, T. A. 2000. The emergence of human–wildlife conflict management: Turning challenges into opportunities. International Biodeterioration & Biodegradation 45: 97- 102.**

**8. Woodroffe, R., Thirgood, S., & Rabinowitz, A. 2005. People and Wildlife, Conflict or Coexistence? (No. 9). Cambridge University Press.**

**9. Messmer, T. A. 2000. The emergence of human–wildlife conflict management: Turning challenges into opportunities. International Biodeterioration and Biodegradation 45: 97-102.**

## CO, PSO, PO എന്നിവയുടെ മാപ്പിംഗ്

| | PSO 1 | PSO 2 | PSO 3 | PSO 4 | PSO 5 | PSO 6 | PSO 7 | PSO 8 | PSO 9 | PO 1 | PO 2 | PO 3 | PO 4 | PO 5 | PO 6 | PO 7 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| CO1 | - | - | - | 3 | - | - | - | - | - | - | 3 | - | - | - | - | - |
| CO2 | - | - | - | 3 | - | - | - | - | - | - | - | 3 | - | - | - | - |
| CO3 | - | - | - | - | - | - | 3 | - | - | - | - | 3 | 1 | - | - | 2 |
| CO4 | - | - | - | - | - | - | | 3 | - | - | - | 3 | 1 | - | - | 2 |

**Correlation Levels:**

| Level | Correlation |
|---|---|
| - | ഇല്ല |
| 1 | കുറഞ്ഞത് |
| 2 | ഇടത്തരം |
| 3 | ഉയർന്നത് |